ഉത്തരം

(എ) ഉണ്ട്.

(ബി) തീയതി നിശ്ചയിച്ചിട്ടില്ല.

(സി) മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കുമ്പോൾ കോഴിക്കോട് ജില്ലാ ആശുപത്രിയും (ബീച്ച് ഹോസ്പിറ്റൽ) മറ്റു ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും വികസിപ്പിക്കാനും ബെഡ്ഡുകളുടേയും സ്റ്റാഫിന്റേയും എണ്ണം കൂട്ടി ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഘട്ടംഘട്ടമായി മാത്രമേ ഈ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാനാവുകയുള്ളു.

(ഡി) താഴെ പറയുന്ന ആശുപത്രികൾ വികസിപ്പിക്കുവാനാണ് താൽക്കാലികമായി ഉദ്ദേശിക്കുന്നത്.

1. കോഴിക്കോട് ജനറൽ ആശുപത്രി (ബീച്ച് ആശുപത്രി).
2. കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
3. വടകര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി
4. താമരശ്ശേരി സർക്കാർ ആശുപത്രി
5. നാദാപുരം സർക്കാർ ആശുപത്രി
6. മാനന്തവാടി ജില്ലാ ആശുപത്രി
7. കണ്ണൂർ ജില്ലാ ആശുപത്രി
8. മഞ്ചേരി ജില്ലാ ആശുപത്രി

(ഇ) കോഴിക്കോട് ജില്ലാ ആശുപത്രിയിൽ കിടക്കകളുടെ എണ്ണം ഇപ്പോഴുള്ള 336-ൽ നിന്നും 550 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 20 ഡോക്ടർമാരുടേയും 40 സ്റ്റാഫ് നേഴ്സുമാരുടേയും 10 നേഴ്സിംഗ് അസിസ്റ്റന്റുമാരുടേയും 10 ഫോസ്പിറ്റൽ അറ്റൻഡർമാരുടേയും, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് ലബോറട്ടറി അറ്റൻഡർ, ഡോബി എന്നിവരുടെ ഓരോന്നും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലാ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

റൂറൽ ഡിസ്പെൻസറികൾ

60 [68] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റൂറൽ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) നിലവിലുള്ള ഏതെങ്കിലും റൂറൽ ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്ത് സെന്ററുകളുമായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ?

GPM. 2/489/09

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) ഉണ്ട്.
(ഡി) തീരുമാനമായിട്ടില്ല.

ആലുവാ താലൂക്ക് ആശുപത്രി

61 [69] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉൽഘാടനം കഴിഞ്ഞിട്ട് ഒരു വർഷത്തോളമായിട്ടും ആലുവാ താലൂക്ക് ആശുപത്രിയുടെ പുതിയ വാർഡിന് ആവശ്യമുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെൻററിലെ ജല വിതരണം

62 [70] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെൻററിൽ വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
(ബി) ഇല്ല.
(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് വാട്ടർ സപ്ലൈ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly